"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പതിനഞ്ചാം ധനകാര്യ കമ്മിഷൻ അവാർഡ് പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച ഹെൽത്ത് ഗ്രാന്റ് - കടലുണ്ടി ഗ്രാമപഞ്ചായത്തിലെ മുരികല്ലിങ്ങൽ സബ്സെന്ററിന് കെട്ടിടം പണിയുവാനായി അനുവദിച്ച തുക ചാലിയം സബ്സെന്ററിന്റെ കെട്ടിടത്തിന് മാറ്റി വിനിയോഗിക്കാൻ അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1854/2025/LSGD തീയതി,തിരുവനന്തപുരം, 28-07-2025

---

പരാമർശം:-

1. സ.ഉ.(സാധാ)നം.1625/2023/LSGD; തീയതി 09.08.2023
2. സ.ഉ.(സാധാ) നം.295/2025/LSGD; തീയതി 31.01.2025
3. കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.02.2025-ലെ കത്തും കടലുണ്ടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 11.02.2025-ലെ 400996/DPDCO1/GPO/2025/834/(2) -ാം നമ്പർ കത്തും
4. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 24.06.2025-ന്റെ നടന്ന യോഗത്തിന്റെ തീരുമാനം 4.46

**ഉത്തരവ്**

പതിനഞ്ചാം കേന്ദ്ര ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുള്ള 2022-23 ഹെൽത്ത് ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പരാമർശം 1 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. അത് പ്രകാരം കെട്ടിടങ്ങൾ ഇല്ലാത്ത ആരോഗ്യ സ്ഥാപനങ്ങൾക്ക് കെട്ടിടം നിർമ്മിക്കാൻ സഹായം നൽകുന്ന സ്കീം 1 പ്രകാരം, വിവിധ തദ്ദേശ സ്ഥാപനങ്ങൾക്ക് ഉപകേന്ദ്രങ്ങളുടെ കെട്ടിടനിർമ്മാണത്തിന് ഫണ്ട് അനുവദിച്ച് നൽകി, അനക്സർ 1 പ്രകാരം പട്ടികപ്പെടുത്തിയിട്ടുണ്ട്.

2. അത് പ്രകാരം കടലുണ്ടി ഗ്രാമപഞ്ചായത്തിലെ ചാലിയം കുടുംബാരോഗ്യ കേന്ദ്രത്തിന് കീഴിലെ മുരികല്ലിങ്ങൽ സബ്സെന്ററിന് കെട്ടിടം നിർമ്മിക്കാനായി 27.75 ലക്ഷം രൂപ ഹെൽത്ത് ഗ്രാന്റിനത്തിൽ അനുവദിച്ചിട്ടുണ്ട്. എന്നാൽ മുരികല്ലിങ്ങൽ സബ്സെന്റർ പണിയുന്നതിന് നിർദ്ദിഷ്ട സ്ഥലത്തെ മണ്ണ് പരിശോധിച്ചപ്പോൾ 18 മീറ്റർ ആഴത്തിൽ പൈലിംഗ് നടത്തണമെന്നും, ഇപ്രകാരം പൈലിംഗ് നടത്തി കെട്ടിടം നിർമ്മിക്കാൻ ഒരു കോടി രൂപയെങ്കിലും ആവശ്യമായതിനാൽ, മുരികല്ലിങ്ങൽ സബ്സെന്ററിന് അനുവദിച്ച തുക ചാലിയം ഗ്രാമപഞ്ചായത്തിലെ തന്നെ ചാലിയം സബ്സെന്ററിന്റെ കെട്ടിട നിർമ്മാണത്തിലേയ്ക്ക് മാറ്റി നൽകണമെന്ന് കടലുണ്ടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാമർശം 3 പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

3. പരാമർശിത യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതേ തദ്ദേശ സ്ഥാപനത്തിലെ തന്നെ മറ്റൊരു വാർഡിൽ സബ്സെന്റർ നിർമാണത്തിന് തുക വിനിയോഗിക്കുന്നതിനാൽ പി.എഫ്.എം.എസ് ൽ മറ്റ് ക്രമീകരണങ്ങൾ ആവശ്യമില്ലാത്തതിനാലും, കെട്ടിട നിർമ്മാണത്തിന് അനുവദിച്ച സ്ഥലത്ത് കെട്ടിട നിർമ്മാണം ആവശ്യമില്ലാത്തതുകൊണ്ട് തികച്ചും ആവശ്യമായ മറ്റൊരു സ്ഥലത്ത് നിർമ്മാണം നടത്തുന്നത് ഹെൽത്ത് ഗ്രാന്റിന്റെ വിനിയോഗമാനദണ്ഡങ്ങൾ ലംഘിക്കാത്തതിനാലും, കടലുണ്ടി ഗ്രാമപഞ്ചായത്തിലെ ചാലിയം കുടുംബാരോഗ്യ കേന്ദ്രത്തിന് കീഴിലെ മുരികല്ലിങ്ങൽ സബ്സെന്ററിന് കെട്ടിടം നിർമ്മിക്കാനായി അനുവദിച്ച ഹെൽത്ത് ഗ്രാന്റ് ചാലിയം ഗ്രാമപഞ്ചായത്തിലെ തന്നെ ചാലിയം സബ്സെന്ററിന്റെ കെട്ടിട നിർമ്മാണത്തിലേയ്ക്ക് മാറ്റി ഉപയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

4. ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് സബ്സെന്റർ കെട്ടിടനിർമ്മാണം നടത്തുന്നതിന് പരാമർശം 2 ഉത്തരവിലെ മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദീപ റ്റി വി
ജോയിന്റ് സെക്രട്ടറി

1. പ്രസിഡന്റ്/സെക്രട്ടറി, കടലുണ്ടി ഗ്രാമപഞ്ചായത്ത്, കോഴിക്കോട്
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
3. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
4. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
5. സ്റ്റേറ്റ് മിഷൻ ഡയറക്ടർ, നാഷണൽ ഹെൽത്ത് മിഷൻ
6. ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷൻ, കോഴിക്കോട്
7. ജില്ലാ പ്ലാനിംഗ് ഓഫീസർ, കോഴിക്കോട്
8. ജോയിന്റ് ഡയറക്ടർ (തദ്ദേശസ്വയംഭരണ വകുപ്പ്), കോഴിക്കോട്
9. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
10. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
11. ഡയറക്ടർ ജനറൽ, കില
12. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
13. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
14. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
15. തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്
16. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Viraj K
Date: 28-07-2025 10:57:10
സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്